ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:04.03.2025**

## പ്രധാനവാർത്തകൾ

1. പ്രതിപക്ഷ ബഹളത്തെത്തുടർന്ന് നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു.
2. ആശാ പ്രവർത്തകരുടെ പ്രശ്നങ്ങൾ നേരിട്ട് ചർച്ച ചെയ്യുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ.
3. ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിയിൽ പ്രഖ്യാപിച്ച ആദ്യ ഘട്ട പദ്ധതികളുടെ ശിലാ സ്ഥാപനം അടുത്ത മാസത്തോടെ നടത്താനാകുമെന്ന് മന്ത്രി പി രാജീവ്
4. സംസ്ഥാനത്ത് റാഗിങ് കേസുകൾ പരിഗണിക്കാൻ പ്രത്യേക ബഞ്ച് രൂപീകരിക്കുമെന്ന് ഹൈക്കോടതി.
5. ചരിത്രത്തിൽ ആദ്യമായി രഞ്ജി ട്രോഫി റൺറപ്പായ കേരള ടീമിനെ സംസ്ഥാന സർക്കാർ ഇന്ന് ആദരിക്കും.
6. ICC ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് സെമി ഫൈനലിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും.

RNU TVPM

**********************************************

## പി.എം. വെബിനാർ

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് മൂന്ന് ബജറ്റനന്തര വെബിനാറുകളിൽ പങ്കെടുക്കും. വീഡിയോ കോൺഫറൻസിംഗിലൂടെ യായിരിക്കും പ്രധാനമന്ത്രി വെബിനാറിൽ പങ്കെടുക്കുക. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, ഉത്പാദനം, കയറ്റുമതി, ആണവോർജ്ജ ദൗത്യങ്ങൾ, നിക്ഷേപം, ബിസിനസ്സ് സുഗമമാക്കുന്ന തിനുള്ള പരിഷ്കാരങ്ങൾ എന്നിവ സംബന്ധിച്ചാണ് വെബിനാറുകൾ.

*******************************************

## നിയമസഭ പിരിഞ്ഞു

പ്രതിപക്ഷ ബഹളത്തെത്തുടർന്ന് നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. പ്രതിപക്ഷ നേതാവിൻറെ വാക്ക്ഔട്ട് പ്രസംഗം തടസ്സപ്പെടുത്തിയെന്നാരോപിച്ചാണ് പ്രതിപക്ഷം സഭയിൽ പ്രതിഷേധിച്ചത്. പ്രതിപക്ഷ ബഹളം രൂക്ഷമായതിനെ തുടർന്ന് സഭാ നടപടികൾ വേഗത്തിൽ പൂർത്തിയാക്കി സഭ ഇന്നത്തേക്ക് പിരിഞ്ഞു. ഈ മാസം 10-ന് സഭ വീണ്ടും സമ്മേളിക്കും.

RNU TVPM

*******************************************

## നിയമസഭ - (ഇൻട്രോ)

സംസ്ഥാനത്തെ ആശാ പ്രവർത്തകരുടെ ഓണറേറിയം വർധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള ആവശ്യങ്ങളിൽ സർക്കാർ, നടപടി സ്വീകരിക്കാത്ത സ്ഥിതിവിശേഷം ചർച്ച ചെയ്യണമെന്ന ആവശ്യപ്പെട്ട് പ്രതിപക്ഷത്തു നിന്ന് രാഹുൽ മാങ്കൂട്ടത്തിലാണ് ഉപേക്ഷപത്തിന് നോട്ടീസ് നൽകിയത്. ആശമാരുടെ പ്രശ്നങ്ങൾ അവരുമായി നേരിട്ട് ചർച്ച ചെയ്യുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ആശാ പ്രവർത്തകർക്ക് രാജ്യത്ത് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്നതും ഇൻസെൻറീവ് നൽകുന്നതും കേരള സർക്കാരാണെന്ന് മന്ത്രി വീണ ജോർജ്

മറുപടിയായി പറഞ്ഞു. കേന്ദ്ര പദ്ധതിയിൽ നിന്ന് കേന്ദ്ര സർക്കാർ പിന്മാറിയിട്ടും സംസ്ഥാനം പിന്മാറിയില്ലെന്നും അതിനാൽ, വിഷയം നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട സാഹചര്യമില്ലെന്നും **മന്ത്രി വീണാ ജോർജ് അറിയിച്ചു.**

**(ഹോൾഡ് ഫോർ ബൈറ്റ് ......................)**

മന്ത്രി വീണാ ജോർജിൻറെ  മറുപടിയെ തുടർന്ന് നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചു. 2007 മുതൽ 2011 വരെ ആശാ പ്രവർത്തകർക്ക് ഓണറേറിയം ഒന്നും നൽകിയിട്ടില്ലെന്നും യുഡിഎഫ് സർക്കാരാണ് ആശാ പ്രവർത്തകർക്ക് ഓണറേറിയം നൽകിയത് എന്നും **പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ വാക്ക്ഔട്ട് പ്രസംഗത്തിൽ പറഞ്ഞു.**

(ഹോൾഡ് ഫോർ ബൈറ്റ് ......................)

********************************************

**നിയമസഭ - പി രാജീവ്**

ഇൻവെസ്റ്റ്  കേരള ഉച്ചകോടിയുടെ തുടർ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതായി മന്ത്രി പി രാജീവ്.  ഏപ്രിൽ മാസത്തോടെ ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിയിൽ പ്രഖ്യാപിച്ച ആദ്യ ഘട്ട പദ്ധതികളുടെ ശിലാ സ്ഥാപനം നടത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് മന്ത്രി നിയമസഭയെ അറിയിച്ചു.

********************************************

**നിയമസഭ- വി എൻ വാസവൻ**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ എൻ എച്ച്- 66 മായി ബന്ധിപ്പിക്കുന്ന പോർട്ട് റോഡിൻറെ  നിർമ്മാണം അവസാന ഘട്ടത്തിലാണെന്ന് മന്ത്രി വി എൻ വാസവൻ നിയമസഭയിൽ പറഞ്ഞു. വിഴിഞ്ഞം അന്താരാഷ്ട്ര

RNU TVPM

തുറമുഖത്തെയ്ക്കുള്ള റെയിൽ പാതയുടെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നതായും അദ്ദേഹം വ്യക്തമാക്കി.

*******************************************

**<u>നിയമസഭ ബാലഗോപാൽ - (ഇൻട്രോ)</u>**

ജി എസ് ടി നഷ്ടപരിഹാരം നിർത്തലാക്കിയത് സംസ്ഥാനത്തിൻറെ വരുമാനത്തിൽ ഇടിവുണ്ടാക്കിയെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. എന്നാൽ, നികുതിയേതര വരുമാനത്തിൽ 44.05 ശതമാനം വളർച്ച രേഖപ്പെടുത്തിയെന്നും അദ്ദേഹം നിയമസഭയിൽ പറഞ്ഞു. ചരിത്രത്തിലാദ്യമായി അടുത്ത വർഷത്തെ സംസ്ഥാന ബജറ്റ് 2 ലക്ഷം കോടിയിൽ എത്തിക്കുമെന്നും ധനമന്ത്രി വ്യക്തമാക്കി.........

**(ഹോൾഡ് ഫോർ ബൈറ്റ്...................)**

*******************************************

**<u>ഹൈക്കോടതി</u>**

സംസ്ഥാനത്ത് റാഗിങ് കേസുകൾ പരിഗണിക്കാൻ പ്രത്യേക ബഞ്ച് രൂപീകരിക്കുമെന്ന് ഹൈക്കോടതി. സംസ്ഥാനത്ത് റാഗിങ് കേസുകൾ കൂടി വരുന്ന പശ്ചാത്തലത്തിലാണ് തീരുമാനം. ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ, ജസ്റ്റിസ് മനു എന്നിവരടങ്ങിയ ഡിവിഷൻ ബഞ്ചിൻറേതാണ് ഉത്തരവ്. സംസ്ഥാനത്തെ കോളേജുകളിൽ ആൻറി റാഗിങ് നിയമങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിക്കണമെന്നാവശ്യപ്പെട്ട് കേരള സ്റ്റേറ്റ് ലീഗൽ സർവീസ് അതോറിറ്റി നൽകിയ ഹർജി പരിഗണിക്കുകയായിരുന്നു കോടതി.

*******************************************

PRNU TVPM

**<u>രഞ്ജി ട്രോഫി മുഖ്യമന്ത്രി</u>**

ചരിത്രത്തിൽ ആദ്യമായി രഞ്ജി ട്രോഫി റൺറപ്പായ കേരള ടീമിനെ സംസ്ഥാന സർക്കാർ ഇന്ന് ആദരിക്കും. തിരുവനന്തപുരത്ത് നടക്കുന്ന അനുമോദന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ, കായികമന്ത്രി അബ്ദു റഹിമാൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, മന്ത്രിമാർ, സ്പീക്കർ, കെസിഎ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുക്കും. ഇന്നലെ തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയ സംഘത്തിന് ഊഷ്മള വരവേൽപ്പാണ് നൽകിയത്.

*********************************************

**<u>ബ്രേക്ക്..........</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

*********************************************

**<u>കോഴിക്കോട് താമരശ്ശേരി</u>**

കോഴിക്കോട് താമരശേരിയിൽ സംഘർഷത്തിനിടെ പത്താം ക്ലാസുകാരൻ മരിക്കാനിടയായ സംഭവത്തിൽ ഒരു വിദ്യാർഥിയെ കൂടി പോലീസ് കസ്റ്റഡിയിൽ എടുത്തു. നിലവിൽ 5 വിദ്യാർഥികൾ ജുവനൈൽ ജസ്റ്റിസ് ബോർഡ് ഉത്തരവ് പ്രകാരം ഒബ്സർവേഷൻ ഹോമിൽ തുടരുകയാണ്.

*********************************************

**<u>ചെട്ടിക്കുളങ്ങര കുംഭഭരണി - (ഇൻട്രോ)</u>**

ഓണാട്ടുകരയുടെ മഹോത്സവമായ ചെട്ടികുളങ്ങര കുംഭഭരണി ഇന്ന്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ.....**
**(വോയിസ്.........)**

RJU TVPM

*********************************************

## ആറ്റുകാൽ

പ്രശസ്തമായ ആറ്റുകാൽ പൊങ്കാല മഹോത്സവത്തിന് നാളെ തുടക്കം. ഉത്സവത്തിനായുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി ക്ഷേത്ര ഭാരവാഹികൾ അറിയിച്ചു. അവസാന ഘട്ട ഒരുക്കങ്ങൾ വിലയിരുത്താൻ മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിൽ ഇന്ന് യോഗം ചേരും. നാളെ രാവിലെ ദേവിയെ കാപ്പുകെട്ടി കുടിയിരുത്തുന്നതോടെയാണ് ഉത്സവത്തിന് തുടക്കമാകുന്നത്. ഈ മാസം 13-നാണ് ആറ്റുകാൽ പൊങ്കാല.

*********************************************

## ദേശീയ സുരക്ഷാ ദിനം

ഇന്ന് ദേശീയ സുരക്ഷാ ദിനം. ജോലിസ്ഥലങ്ങൾ ഉൾപ്പെടെ ജീവിതത്തിൻറെ വിവിധ മേഖലകളിൽ സുരക്ഷയുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കുന്നതിനാണ് ദിനാചരണം.

RNU TVPM

*********************************************

## ചാമ്പ്യൻസ് ട്രോഫി

ICC ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് സെമി ഫൈനലിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും. ദുബായ് ഇൻറർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2.30 നാണ് മത്സരം. ഓസ്ട്രേലിയ മികച്ച എതിരാളിയാണെന്നും ഇന്ത്യൻ താരങ്ങൾ തികഞ്ഞ ആത്മവിശ്വാസത്തോടെയാണ് ഇന്ന് മത്സരത്തിനിറങ്ങുന്ന തെന്നും ക്യാപ്റ്റൻ രോഹിത് ശർമ്മ പറഞ്ഞു. രണ്ടാം സെമിയിൽ നാളെ ദക്ഷിണാഫ്രിക്കയും ന്യൂസിലാൻഡും ഏറ്റുമുട്ടും.

*********************************************

## ഐ.എസ്.എൽ

ഐ.എസ്.എൽ ഫുട്ബോളിൽ എഫ്.സി ഗോവ ഇന്ന് മുഹമ്മദൻ എസ്.സി യെ നേരിടും. രാത്രി 7.30- ന് ഗോവയിലാണ് മത്സരം. പോയിൻറ് പട്ടികയിൽ ഗോവ രണ്ടാമതും മുഹമ്മദൻ എസ് സി അവസാന സ്ഥാനത്തുമാണ്.

*******************************************

## ആശമാർ ബിജെപി മാർച്ച്

ആശാ പ്രവർത്തകർക്ക് പിന്തുണ പ്രഖ്യാപിച്ച് ബി ജെ പി യുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിലേക്ക് മഹിളാ മാർച്ച് നടത്തി. ബി ജെ പി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ പ്രതിഷേധ മാർച്ച് ഉദ്ഘാടനം ചെയ്തു.

*******************************************

## കാട്ടുപന്നി ആക്രമണം-കണ്ണൂർ

കണ്ണൂർ പാനൂരിനടുത്ത് മൊകേരിയിൽ കാട്ടുപന്നി ആക്രമണത്തിൽ കൊല്ലപ്പെട്ട കർഷകൻ എ.കെ. ശ്രീധരന്റെ കുടുംബത്തിന് വനം വകുപ്പ് പ്രഖ്യാപിച്ച ധനസഹായത്തിൻറെ ആദ്യഗഡു അഞ്ച് ലക്ഷം രൂപ കൈമാറി. പത്ത് ലക്ഷം രൂപയാണ് ധനസഹായം പ്രഖ്യാപിച്ചത്. ഞായറാഴ്ച രാവിലെയാണ് കൃഷിയിടത്തിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ ശ്രീധരൻ മരിച്ചത്.

RIU TVPM

*******************************************

## ഓഹരി

രാജ്യത്തെ ഓഹരിവിപണികളിൽ നഷ്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് 166 പോയിൻറ് താഴ്ന്ന് 72,926 - ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 50 പോയിൻറ് താഴ്ന്ന് 22,069 - ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണ്ണവിലയിൽ വർദ്ധന. ഗ്രാമിന് 70 രൂപ വർദ്ധിച്ച് 8,010 രൂപയും പവന് 560 രൂപ കൂടി 64,080 രൂപയുമാണ് ഇന്നത്തെ വില.

*********************************************

**ഇടുക്കി ഹർത്താൽ**

പഞ്ചായത്തിലെ തകർന്ന റോഡുകൾ ഗതാഗത യോഗ്യമാക്കണമെന്നാവശ്യപ്പെട്ട് ഇടുക്കിയിലെ വട്ടവടയിൽ കോൺഗ്രസ് ആഹ്വാനം ചെയ്ത ഹർത്താൽ പൂർണ്ണം. ടോപ് സ്റ്റേഷൻ വരെയെത്തുന്ന വിനോദസഞ്ചാരികളുടെ വാഹനങ്ങൾ വട്ടവട പഞ്ചായത്തിലേക്ക് കടത്തിവിടുന്നില്ല. കടകമ്പോളങ്ങൾ പൂർണമായും അടഞ്ഞു കിടക്കുകയാണ്. വൈകിട്ട് 5 മണിക്ക് കോൺഗ്രസ് പ്രവർത്തകർ വട്ടവട ടൗണിൽ പ്രകടനവും പൊതുസമ്മേളനവും നടത്തും.

RNUTVPM

*****************

*********************************************

*********************************************